# അദ്ധ്യായം 8

ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ മൂന്ന് സംഭവങ്ങളാണ് സ്വർഗ്ഗത്തിൽ നടന്നത്. ഒന്നാമതായി അരമണിക്കൂർ സ്വർഗ്ഗത്തിൽ മൗനത ഉണ്ടായി ഇതിന്റെ കാരണങ്ങൾവ്യാഖ്യാതാക്കൾ പലതും കുറിച്ചിട്ടിട്ടുണ്ടെങ്കിലും നമുക്ക് അംഗീകരിപ്പാൻ കഴിയുന്നത് സ്വീകരിക്കാം.

സ്വർഗ്ഗീയ മൗനതയുടെ കാരണങ്ങൾ.

1. ഭൂമിയിലെ കാര്യപരിപാടികൾ നിയന്ത്രിക്കുന്നത് സ്വർഗ്ഗമാകയാൽ അവന്റെ കൽപനകൾക്കായി കാത്തുനിൽക്കുന്ന സ്വർഗ്ഗീയദൂതഗണങ്ങളും , സ്വർഗ്ഗീയ സദസ്സും പഞ്ചപുച്ഛമടക്കിയതാകാം ഈ മൗനതയ്ക്ക് കാരണം.

2. സംഭവിപ്പാൻ പോകുന്ന ഭീകരസംഭവപരമ്പരകളുടെ അനന്തരഫലം ഓർത്ത് നിർന്നിമേഷരായി നിന്നതാകാം മൗനതയുടെ കാരണം.

തുടർന്ന് സ്വർഗ്ഗത്തിൽ നടന്ന ഒരു പ്രാർത്ഥനയും അതിന്റെ മറുപടിയുമാണ് വെളി (8:3-5) വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. സ്വർണ്ണപീഠം എന്നത് സ്വർണ്ണധൂപ പീഠമാണ്.

(വിവരണം മുകളിൽ കൊടുത്തിട്ടുണ്ട്.)

സ്വർഗ്ഗത്തിൽ ഇതെവിടെ സ്ഥിതിചെയ്യുന്നു.

ന്യായവിധി നടത്തുന്ന സിംഹാസനത്തിനു മുമ്പിൽ (വെളി 8:3)

ധൂപ വർഗ്ഗം - കാൽവറിയിൽ യേശുക്രിസ്തു സാധിച്ചെടുത്ത നന്മയുടെയും പുണ്യത്തിന്റെയും പ്രതീകം അതായത് യേശുവിന്റെ നാമവും അവന്റെ കാൽവറിയിലെ രക്ഷണ്യവേലയും വരുത്തുന്ന സൗരഭ്യമാണ് ഈ ധൂപവർഗ്ഗമെന്ന് വെളി(5:8) ൽ കാണുന്നു. ലോകസ്ഥാപനം മുതൽ മഹാപീഡനകാലം വരെയുള്ള സകല വിശുദ്ധൻമാരുടേയും പ്രാർത്ഥനോടൊപ്പം ചേർക്കാൻ ധൂപവർഗ്ഗം നൽകുന്നു.

പ്രാർത്ഥനയുടെ മറുപടി എപ്രകാരം - വെളി (8:4-5) ഇത് ന്യായവിധിയുടെ പ്രകടമായ തുടക്കമാണ്. ജനം പരിഭ്രാന്തരാകുന്നു.

മൂന്നാമതായി സ്വർഗ്ഗത്തിൽ നടന്നത് കാഹളം പിടിച്ചുനിന്ന ഏഴ് ദൂതൻമാർ ഓരോരുത്തരായി കാഹളം ഊതിത്തുടങ്ങുന്നു. ആദ്യത്തെ നാല് ദൂതൻമാർ കാഹളം ഊതുമ്പോൾ ഭൂമി, സമുദ്രം ,നദി, ഇവയുടെ മേൽ വരുന്ന മാറ്റങ്ങൾ ശ്രദ്ധിക്കുക. (ഓർക്കുക വരുവാൻപോകുന്ന സംഭവങ്ങൾ യോഹന്നാന് കാണിച്ചുകൊടുത്തതാണെന്ന്) ഒന്നാമ്തെ കാഹളം ഊതിയപ്പോൾ പൂർണ്ണമായി നശിച്ചത് ഭൂമിയിലെ പച്ചപ്പുല്ലാണ്. ഭൂമിയുടെ മൂന്നിലൊന്നു മാത്രമല്ല വൃക്ഷങ്ങളുടേയും മൂന്നിലൊന്നു വെന്തുപോയി . ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങൾ കാണിക്കും .രക്തവും

തീയും,പുകത്തൂണും തന്നെ എന്ന് യോവേൽ(2.30) ൽ കാണാം. കേരളത്തിൽ കനത്തമഴത്തുള്ളികൾ വീണതായും ചിലസ്ഥലങ്ങളിൽ രക്തനിറമുള്ള മഴവെള്ളം ലഭിച്ച പത്രവാർത്തയും ചിത്രങ്ങളും നാം കണ്ടിട്ടുണ്ടല്ലോ. ഓരോ വർഷവും ഉണ്ടാകുന്ന ഇടിത്തീമൂലം അനേകമരണങ്ങൾ സംഭവിക്കുന്നുണ്ട്. പച്ചപ്പുല്ല് പൂർണ്ണമായി നശിക്കുമ്പോൾ ,കൃഷിയിലുണ്ടാകുന്ന നഷ്ടം ഭക്ഷ്യക്ഷാമത്തിന് കാരണമാകും . മൃഗങ്ങളുടെയും മനുഷ്യന്റെയും ജീവിതത്തിന് നഷ്ടം സംഭവിപ്പാനും ഇത് കാരണമാകുന്നു.

ദൂതൻ രണ്ടാമത്തെ കാഹളം ഊതിയപ്പോൾ വീഴുന്നത് വൻമലയല്ല. തീ കത്തുന്ന വൻമലപോലുളള എന്തോ ഒരു വസ്തു ആണെന്നാണ് യോഹന്നാനപ്പോസ്തലന് തോന്നിയത്.ഇത് ഏതോ ധൂമകേതുക്കളോ , നക്ഷത്രങ്ങളോ ആകാമെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടു. കത്തിക്കാളുന്ന ഈ വസ്തുവിന്റെ വീഴ്ചയുടെ ആഘാതത്താൽ കപ്പലുകളിൽ മൂന്നിലൊന്ന് നശിച്ചുപോയി. കൂടാതെ ജലജന്തുക്കളുടെ ജീവൻ നിലനിർത്തുന്ന

ഘടകങ്ങളുടെ അഭാവം സംഭവിച്ചതിനാലാവാം സമുദ്രത്തിലെ മൂന്നിലൊന്ന് ജീവജന്തുക്കൾ നശിച്ചുപോകുകയും ചെയ്തത്. വെളി (8:8-9)

മൂന്നാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ന്യായവിധിയുടെ ഫലം നേരിട്ടത് നദിയും നീരുറവകളുമായിരുന്നു. ഇതിന്റെ എല്ലാം അനന്തരഫലം അനുഭവിക്കുന്നത് മനുഷ്യൻ തന്നെയാണ്, ദീപം പോലെ കത്തിജ്വലിച്ച് താഴേക്കു വീണ കാഞ്ഞിരം എന്ന നക്ഷത്രമാണ് ഈ ദുരവസ്ഥയ്ക്ക്കാരണമായത് . നദികളിലേയും നീരുറവകളിലേയും ജലത്തിന്റെ മൂന്നിലൊന്ന് കൈപ്പുള്ളതായിത്തീർന്നു. കാഞ്ഞിരം കൈയ്പുള്ള വൃക്ഷമാണ്. ദൈവത്തിന്റെ ന്യായവിധിയേയും , മനുഷ്യന്റെ ദു:ഖത്തേയുമാണ് കാഞ്ഞിരം കാണിക്കുന്നത്. ഇത് സംഭവിക്കുമെന്ന് യിരംമ്യാവ് (9:13-16) വരെയുള്ള വാക്യങ്ങൾ വായിച്ചാൽ കാണാവുന്നതാണ്. ഈ വിധത്തിലുള്ള ന്യായവിധിയുടെ ദൂഷ്യഫലത്തെപ്പറ്റി ഒരു ചെറിയ ചിത്രം 2 രാജ : ( 2: 19-22) വരെ വായിച്ചാൽ കാണാവുന്നതാണ്. കുടിവെള്ളം പോലും മലിനമായ ഒരവസ്ഥ നാം ചിന്തിക്കുന്നതിലും അപ്പുറമാണ്.

നാലാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ വാനഗോളങ്ങളിൽ തട്ടിയ ബാധമൂലം മൂന്നിലൊന്ന് വെളിച്ചം നഷ്ടമായി. നമ്മുടെ കർത്താവും യോവേൽ പ്രവാചകനും ഇത് മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുണ്ട് . വായിക്കുക - ലൂക്കോ (21:25,26) യോവേ : (2:10)

നമ്മുടെ രക്ഷാനായകനായ കർത്താവിന് സകലതും ചെയ്യുവാൻ കഴിയും എന്നതിന്റെ തെളിവായി മിസ്രേമിൽ ഈ ബാധകളൊക്കെയും ഉണ്ടാകുകയും യിസ്രായേൽ ഈ ബാധകളിൽ നിന്ന് രക്ഷപ്രാപിക്കുകയും ചെയ്തു

വായക്കുക പുറപ്പാട് (7:19-21) (9:22-26) (15: 22-25)

ആദ്യ നാല് കാഹളങ്ങളാൽ ഉളവായ ബാധകൾ ഭൗതീക തലങ്ങളിൽ നിന്നുളവായതാണ്. ഇത് മനുഷ്യവർഗ്ഗത്തിന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. തുടർന്ന് അഞ്ചാം കാഹളം ഊതുന്നതിനുമുമ്പായി സംഭവപരമ്പരയിൽ ഒരു ഇടവേളയുണ്ടാകുന്നു. ഈ സമയത്താണ് ഒരു കഴുകൻ (eagle) ഇനി ഊതുവാൻ പോകുന്ന മൂന്ന് കാഹളനാദങ്ങളുടെ അനന്തരഫലം കഷ്ടം, കഷ്ടം ,കഷ്ടം എന്ന് പറയുന്നത് . (വെളി. 8:13) . കഴുകന്റെ ഈ പ്രസാതാവനയെപ്പറ്റിയുള്ള ചില ചിന്തകൾ രേഖപ്പെടുന്നു .

1.കഴുകന്റെ സദൃശ്യമുള്ള ജീവി സ്വർഗ്ഗത്തിലുള്ളതാകയാൽ വെളി.(4:7) ഇത് നാലു ജീവികളിൽ ഒന്നാണെന്നു കരുതുന്നു.

2.സർവ്വ സൃഷ്ടികളും കർത്താവിന്റെ ദാസൻമാരാകയാൽ (സങ്കി-119-91) ഈ സ്വർഗ്ഗീയ ജീവിയെക്കൊണ്ട് പറയിച്ചതാകാം.

3. കഴുതയെക്കൊണ്ട് സംസാരിപ്പിച്ച ദൈവത്തിന് (സംഖ്യ:22:28:30) കഴുകനെക്കൊണ്ടും സാസാരിപ്പിക്കുവാൻ കഴിയും

4. കഴുകൻ ന്യായവിധിയുടേയും സംരക്ഷണത്തിന്റേയും അടയാളമായി വചനത്തിൽ കാണുന്നു. വായിക്കുക - യിരെ (49:22), പുറ(19:4)

ദൈവവചനത്തിന്റെ വെളിച്ചത്തിൽ ലോകത്തിൽ ഇനി സമാധാനം പ്രതീക്ഷിക്കാവതായി കാണുന്നില്ല. നാൾക്കുനാൾ അസമാധാനം വർദ്ദിച്ചുവരുകയാണു ചെയ്യുന്നത്.